**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** — **08-02-2023 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിക്കുകയുണ്ടായി. റെയിൽവേ ബോർഡ് ഗതിശക്തി ഡയറക്ടേറ്റുമായുള്ള ചർച്ചകൾക്ക ശേഷം അങ്കമാലി - എരുമേലി - ശബരിപദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 23.12.2022 ൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ദക്ഷിണ റെയിൽവേ 10.01.2023 ൽ റെയിൽവേ ബോർഡിന്റെ പരിഗണനക്കായി സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ പരിശോധനാഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ടോക്കൻ പ്രൊവിഷനോടുകൂടി ഇടംപിടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും ഇതിൽ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | റെയിൽവേയുടെ നിർദ്ദേശപ്രകാരം കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ തയാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടും പുതുക്കിയ എസ്റ്റിമേറ്റും പ്രകാരം 3745 കോടി രൂപയാണ് പദ്ധതിച്ചിലവായി കണക്കാക്കുന്നത്. പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും റെയിൽവേ ബോർഡ് പരിശോധിച്ചുവരികയാണ്. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതിചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (സി) | പ്രസ്തുത പാതയിൽ വന്ദേ ഭാരത് ട്രെയിൻ ഉൾപ്പെടെ ഓടിക്കാൻ കഴിയും വിധം വൈദ്യുതീകരണ | (സി) | ഉണ്ട്. 2X25 KV AC OHE കൂടി ഉൾപ്പെടുത്തി വന്ദേഭാരത് ട്രെയിനുകൾ ഉൾപ്പെടെ ഓടിക്കാൻ |

| | | | |
|---|---|---|---|
| | സംവിധാനത്തിൽ മാറ്റം വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | | കഴിയും വിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് തുക 3726.57 കോടി രൂപയാണ് |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | ശബരി പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന റെയിൽ വകുപ്പ് മന്ത്രി കത്തയച്ചിരുന്നു. തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18.09.2021 ലെ കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടുകയും ചെയ്തു. കൂടാതെ 17.08.2022-ന് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി - ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായിവന്നിട്ടുള്ളതാണ്. പ്രസ്തുത ചർച്ചയെ ആസ്പദമാക്കി, പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ്സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് കത്ത് നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 പ്രകാരം ഇടംപിടിച്ചിരുന്നു. വരുന്ന കേന്ദ്ര ബജറ്റിലും പദ്ധതിക്ക് മതിയായ തുക വകയിരുത്തി പിങ്ക് ബുക്കിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്കു കത്ത് നൽകയും ചെയ്തിരുന്നു. പദ്ധതി നിർഘനീഭവിപ്പിക്കുകയും മതിയായ തുക വകയിരുത്തി ദക്ഷിണ റെയിൽവേ പിങ്ക്ബുക്കിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന മുറക്ക് തുടർ നടപടിക്രമങ്ങളുമായി റെയിൽവേ മുമ്പോട്ടു പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ